**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **20-06-2024 - ൽ മറുപടിയ്ക്ക്**

**യുവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ എം എസ് അരുൺ കുമാർ</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മാവേലിക്കര മണ്ഡലത്തിലെ തരിശുഭൂമി എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് അവയുടെ വിവരം ലഭ്യമാക്കാമോ;</td><td>(എ)</td><td>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>പേര്</th><th>പഞ്ചായത്ത്/ മുനിസിപ്പാലിറ്റി</th><th>തരിശുഭൂമി (Ha)</th></tr>
<tr><td rowspan="2">മാവേലിക്കര</td><td>പഞ്ചായത്ത്</td><td>124</td></tr>
<tr><td>മുനിസിപ്പാലിറ്റി</td><td>61</td></tr>
<tr><td rowspan="2">ചാരുംമൂട് ബ്ലോക്ക്</td><td>പഞ്ചായത്ത്</td><td>891</td></tr>
<tr><td>ആകെ</td><td>1076</td></tr>
</table></td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് യുവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളും ആനുകൂല്യങ്ങളുമാണ് നൽകുന്നതെന്ന് വിശദമാക്കാമോ?</td><td>(ബി)</td><td>കാർഷിക രംഗത്തേക്ക് യുവകർഷകരെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവത്ക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നത്.<br><br>ഹൈടെക് കൃഷി രീതികളായ പോളി ഹൗസ് പച്ചക്കറി കൃഷി, ഇറസ്സായ ഇടങ്ങളിൽ കൃത്യതാകൃഷി, മഴമറ കൃഷി, നെൽകൃഷിയിൽ ഡ്രോണുകൾ ഉപയോഗിച്ചുള്ള സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണം, സംയോജിത കൃഷിരീതി എന്നിവയ്ക്ക് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളായ നെൽ കൃഷി വികസനം, പച്ചക്കറി വികസനം, കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ എന്നിവയിലൂടെ സഹായം നൽകി വരുന്നു. ശരാശരി വിളവ് വർദ്ധിപ്പിക്കുന്നതിന് കൃത്യമായ അളവിൽ ഉല്പാദനോപാധികൾ ഉപയോഗിക്കുന്ന ഒരു സമീപനമാണ് കൃത്യത കൃഷി അല്ലെങ്കിൽ പ്രിസിഷൻ ഫാമിംഗ്. ഈ കൃഷി രീതിയിലൂടെ ഉല്പാദനം കൂടുന്നതിനോടൊപ്പം ഉല്പാദന ചെലവുകൾ കുറയുകയും ചെയ്യും.<br><br>നാളികേര വികസന പദ്ധതിയിലൂടെ നാളികേര കർഷകർക്ക് മികച്ച തെങ്ങിൻതൈകൾ, തെങ്ങുകയറ്റ യന്ത്രങ്ങൾ,</td></tr>
</table>

സൂക്ഷ്മമൂലകങ്ങൾ, ജലസേചന യൂണിറ്റുകൾ, പമ്പ്സെറ്റുകൾ, മുതലായവയ്ക്ക് കേരഗ്രാമം പദ്ധതിയിലും അല്ലാതെയും നൽകി വരുന്നുണ്ട്.

യുവ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അവരുടെ ആശയങ്ങൾ പ്രോജക്ടുകളായി മാറ്റുന്നതിനും വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഡി.പി.ആർ. ക്ലിനിക്കുകൾ 'കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയിലൂടെ നടപ്പിലാക്കുന്നുണ്ട്. കൂടാതെ സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിനും മറ്റു സംരംഭകരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങുന്നതിനും വേദി ഒരുക്കുന്നതിനായി 'ബിസിനസ്-ടു- ബിസിനസ്' മീറ്റുകളും കൃഷി വകുപ്പ് നടത്തിവരുന്നു.

സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേന ഇടത്തരം, സൂക്ഷ്മ, ചെറുകിട, കാർഷിക സംസ്കരണ/മൂല്യവർധന യൂണിറ്റുകൾ, വ്യക്തിഗത/ എസ്. എച് .ജി അടിസ്ഥാനമാക്കിയുള്ള മൂല്യവർധന യൂണിറ്റുകൾ തുടങ്ങിയവയ്ക്കുള്ള പദ്ധതി അധിഷ്ഠിത സഹായം SFAC മുഖേന നൽകുന്നു. മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ സംരംഭങ്ങൾക്ക് താഴെപ്പറയുന്ന പ്രകാരം എസ്.എഫ്.എ.സി മുഖേന സബ്സിഡി നൽകിവരുന്നു.

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

വിളവെടുപ്പിനു ശേഷമുള്ള പരിപാലന അടിസ്ഥാന സൗകര്യങ്ങൾ, കമ്മ്യൂണിറ്റി ഫാമിംഗ് ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ട ലാഭകരമായ പദ്ധതികളിൽ നിക്ഷേപിക്കുന്നതിന് പ്രോത്സാഹനത്തിലൂടെയും സാമ്പത്തിക പിന്തുണയിലൂടെയും ഇടക്കാല-ദീർഘകാല ഫിനാൻസിങ് സൗകര്യം സമാഹരിക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്. ഇതിന്റെ ഭാഗമായി ഫാം-ഗേറ്റ് & അഗ്രഗേഷൻ പോയിന്റുകളിൽ (പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കർഷക ഉത്പാദക സംഘടനകൾ, കാർഷിക

| | | | |
|---|---|---|---|
| | | | സംരംഭകർ, സ്റ്റാർട്ടപ്പുകൾ മുതലായവർക്ക്) കാർഷിക ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നു.<br><br>കാർഷിക രംഗത്തെ ഒരു പ്രധാന പ്രശ്നം കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമമാണ്. ഈ പ്രശ്നം കാരണം യുവകർഷകർക്ക് കൃഷിയിൽ നിന്ന് വിട്ടുനിൽക്കാനുള്ള പ്രവണതയുണ്ട്. കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഫാം യന്ത്രവല്കരണത്തിന് സഹായം'. കാർഷിക മേഖലയിൽ ആവശ്യമായ ഉല്പാദനോപാധികളായ ജൈവ വളങ്ങൾ, പച്ചക്കറി തൈകൾ എന്നിവയുടെ ഉല്പാദനം, വിതരണം, കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക, തെങ്ങുകയറ്റം, മരുന്നുതളി, നടീൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവ ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ബ്ലോക്ക് തലത്തിൽ സ്ഥാപിച്ചിട്ടുള്ള കൃഷിശ്രീ സെന്ററുകളിലൂടെയും, അഗ്രോ സർവീസ് സെന്ററുകളിലൂടെയും, കാർഷിക കർമ്മസേന കളിലൂടെയുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതിയായ SMAM വഴി സബ്സിഡി നിരക്കിൽ കർഷകർക്ക് കാർഷിക യന്ത്രോപകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട് . |

സെക്ഷൻ ഓഫീസർ